# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :948 — 11.07.2016 ൽ മറുപടിയ്ക്ക്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.എം.എം. മണി<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.കെ. ബാബു | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രി) |
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ ; | 2015 അവസാനത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാനാകുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. പ്രഖ്യാപനം പ്രാവർത്തികമായിട്ടില്ല |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര പേർ അപേക്ഷ നൽകിയെന്നും അതിൽ എത്ര പേർക്ക് സ്ഥലം അനുവദിച്ചുവെന്നും അറിയിക്കുമോ; ആകെ എത്ര സ്ഥലം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | പദ്ധതി പ്രകാരം 2,91,998 അപേക്ഷകൾ ലഭിച്ചിരുന്നു. ഇവയിൽ നിന്ന് തെരഞ്ഞെടുത്തിരുന്ന 2,44,124 ഗുണഭോക്താക്കളിൽ 58,398 കുടുംബങ്ങൾക്ക് സ്ഥലം അനുവദിച്ച് പട്ടയം തയ്യാറാക്കിയിരുന്നു. നാളിതുവരെയായി 29,875 കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. 1.2.2014 മുതൽ 31.3.2014 വരെയും അപേക്ഷകൾ നൽകുന്നതിന് അവസരം നൽകിയിരുന്നു. ഈ കാലയളവിൽ ലഭ്യമായിരുന്ന അപേക്ഷകളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | പട്ടയം നൽകിയ ഭൂമി യഥാർത്ഥത്തിൽ അനുവദിച്ച നൽകിയിട്ടില്ലെന്ന പരാതികളും അനുവദിച്ച ഭൂമി തന്നെ വാസയോഗ്യമല്ലെന്നുമുള്ള പരാതികളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ? | ഉണ്ട്. സർവ്വെക്കല്ലുകൾ സ്ഥാപിച്ച് പ്ലോട്ട് തിരിക്കാനുണ്ടായ കാലതാമസവും കോടതി കേസുകൾ ഉണ്ടായത് മൂലമുള്ള തടസ്സങ്ങളുമാണ് ഭൂമി കൈമാറുന്നതിന് പ്രധാന തടസ്സമായി നിൽക്കുന്നത്. ഇത്തരം ആക്ഷേപങ്ങളിൻമേൽ അടിയന്തിര നടപടികൾ സ്വീകരിച്ച വരുന്നു. അനുവദിച്ച ഭൂമി വാസയോഗ്യമല്ലായെന്നുള്ള പരാതികളും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ